# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>വനപ്രദേശത്ത് താമസിക്കുന്ന ജനങ്ങൾക്ക് ജീവിതോപാധികൾ ലഭ്യമാക്കാൻ നടപടി</u>

455 ശ്രീ.വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംരക്ഷിത വനപ്രദേശം, വന്യമൃഗ സംരക്ഷണ കേന്ദ്രം എന്നിവയുടെ സമീപപ്രദേശത്ത് അധിവസിക്കുന്ന ജനങ്ങൾക്ക് ജീവനോപാധികൾ ലഭ്യമാക്കുന്നതിന് വനം വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരം പ്രദേശങ്ങളിൽ അധിവസിക്കുന്ന ജനങ്ങൾ കൃഷി, മത്സ്യബന്ധനം, കന്നുകാലി വളർത്തൽ എന്നീ തൊഴിലുകളിൽ ഏർപ്പെടുമ്പോൾ വനം വകുപ്പ് ഉദ്യോഗസ്ഥർ തടസ്സം സൃഷ്ടിക്കുന്നത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇത്തരം തടസ്സങ്ങൾ ഒഴിവാക്കി പ്രസ്തുത പ്രദേശത്തെ ജനങ്ങൾക്ക് ജീവിതമാർഗ്ഗം തേടുന്നതിന് സഹായം ലഭ്യമാക്കുന്നകാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>വനവിസ്തൃതി</u>

456 ശ്രീ.വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരളത്തിൽ വനഭൂമിയുടെ വിസ്തൃതി വർദ്ധിച്ചിട്ടുണ്ട് എന്ന സംഗതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര അളവ് വനവിസ്തൃതിയാണ് വർദ്ധിച്ചത് ;

(സി) വനവിസ്തൃതി വർദ്ധിപ്പിക്കാൻ നടപ്പിലാക്കിയ പദ്ധതികൾ വിശദീകരിക്കാമോ ;

(ഡി) പ്രസ്തുത പദ്ധതികൾ തുടരുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>ഹരിതതീരം പദ്ധതി</u>

457 ശ്രീ. റ്റി.എ. അഹമ്മദ് കബീർ
,, എം. ഉമ്മർ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹരിത തീരം പദ്ധതിയിൽ വനം വകുപ്പിന്റെ പങ്കാളിത്തം എപ്രകാരമാണ്;

(ബി) ഈ പദ്ധതിക്കായി ഏതൊക്കെ ഇനത്തിൽപ്പെട്ട എത്ര തൈകളാണ് വനം വകുപ്പിൽ നിന്ന് തയ്യാറാക്കി നൽകിയത്;

(സി) തുടർ പരിപാലനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്താണെന്ന് വിശദമാക്കുമോ;

(ഡി) ഇതോടൊപ്പം തീരസംരക്ഷണത്തിന് അനുയോജ്യമായ കണ്ടൽച്ചെടികൾ വച്ചു പിടിപ്പിക്കണമെന്ന നിർദ്ദേശമുണ്ടായിരുന്നോ; എങ്കിൽ കണ്ടൽച്ചെടികൾ വച്ചുപിടിപ്പിച്ചിട്ടുണ്ടോ;

(ഇ) ഹരിത തീരം പദ്ധതി പ്രകാരം വച്ചു പിടിപ്പിച്ച തൈകളുടെ അതിജീവന ശതമാനം എത്രയാണ്;

(എഫ്) 2007-08, 2008-09 വർഷങ്ങളിൽ ഈ പദ്ധതി പ്രകാരം എവിടെയെല്ലാമാണ് തൈകൾ വച്ചുപിടിപ്പിച്ചത്; എന്തു തുക ആകെ ചെലവായി; എത്ര തൈകൾ ഇപ്പോൾ നിലനിൽക്കുന്നുണ്ട്?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>വനാതിർത്തികളിൽ ജൈവവേലി വച്ച് പിടിപ്പിക്കാൻ നടപടി</u>

458 ശ്രീ. വി. റ്റി. ബൽറാം
'' വി. ഡി. സതീശൻ
'' സി. പി. മുഹമ്മദ്
'' വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനാതിർത്തിയിൽ താമസിക്കുന്ന ജനങ്ങൾക്ക് വന്യജീവികളിൽ നിന്നുണ്ടാകുന്ന ശല്യം തടയുന്നതിന് വനം വകുപ്പ് സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമാണ് ;

(ബി) കാട്ടാനകളുടെയും മറ്റ് വന്യമൃഗങ്ങളുടെയും ശല്യം തടയുന്നതിന് വനാതിർത്തിയിൽ ജൈവവേലി വച്ച് പിടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് എല്ലാ വനാതിർത്തിയിലും ഇത്തരം ജൈവവേലി വച്ച് പിടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>കാട്ടുമൃഗങ്ങളിൽ നിന്നുള്ള സംരക്ഷണം</u>

459 ശ്രീ. പി.എ. മാധവൻ
'' ഹൈബി ഈഡൻ
'' ഡൊമിനിക് പ്രസന്റേഷൻ
'' എം.പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാട്ടുമൃഗങ്ങളുടെ ആക്രമണത്തിൽനിന്ന് കാർഷിക വിളകളെയും ജനങ്ങളുടെ വസ്തു വകകളെയും സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് അറിയിക്കാമോ;

(ബി) ആക്രമണത്തിനിരയാകുന്നവർക്ക് വനം വകുപ്പ് നൽകുന്ന ധനസഹായങ്ങളെന്തെല്ലാമാണ്;

(സി) ആക്രമണം തടയുന്നതിനായി വനം വകുപ്പ് രൂപീകരിച്ച റാപ്പിഡ് ആക്ഷൻ ഫോഴ്സ് ഏതെല്ലാം പ്രദേശങ്ങളിലാണ് വിന്യസിച്ചിരിക്കുന്നത്;

(ഡി) ഇതിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>വന്യജീവികളുടെ ആക്രമണത്തിന് വിധേയരാകുന്നവർക്ക് സാമ്പത്തിക സഹായം</u>

460 ശ്രീ. വി.റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വന്യജീവികളുടെ ആക്രമണത്തിന് വിധേയരാകുന്നവർക്ക് വനം വകുപ്പ് നൽകുന്ന സാമ്പത്തിക സഹായങ്ങൾ എന്തെല്ലാമാണ്;

(ബി) ഈ സാമ്പത്തിക സഹായങ്ങൾ അവസാനമായി വർദ്ധിപ്പിച്ചത് ഏത് സർക്കാർ ഉത്തരവിലൂടെയാണ് ;

(സി) ഈ സാമ്പത്തിക സഹായങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം വന്യജീവികളുടെ ആക്രമണവുമായി ബന്ധപ്പെട്ടുണ്ടായ സംഭവങ്ങൾ എത്രയാണ് ; ഇതിൽ എത്ര സംഭവങ്ങളിലാണ് സാമ്പത്തിക സഹായങ്ങൾ വിതരണം ചെയ്തത് ;

(ഇ) ഇത്തരം സംഭവങ്ങളിൽ സമയബന്ധിതമായി സാമ്പത്തിക ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയാകുന്ന വിളകൾക്കുള്ള നഷ്ടപരിഹാരം

461 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ ആക്രമണങ്ങൾക്കുവിധേയമായി കൃഷിനാശം സംഭവിക്കുമ്പോൾ നൽകിവരുന്ന നഷ്ടപരിഹാരം ഓരോ വിളകൾക്കും എത്ര രൂപവീതമാണ് ;

(ബി) പ്രസ്തുത തുക വളരെ അപര്യാപ്തമാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>വന്യമൃഗങ്ങളുടെ ആക്രമണം</u>

462 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ ആക്രമണം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>വന്യമൃഗ ശല്യം</u>

463

ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾ നാട്ടിലിറങ്ങി കൃഷിക്കും മനുഷ്യർക്കും നേരെ ആക്രമണം നടത്തുന്ന പശ്ചാത്തലത്തിൽ ഇവയെ വെടിവയ്ക്കുന്നതിന് നാട്ടുകാർക്ക് അധികാരം നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഈ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഏതൊക്കെ തരം മൃഗങ്ങളെ വെടിവയ്ക്കുന്നതിനുള്ള അനുമതിയാണ് ഉത്തരവിൽ നൽകിയിട്ടുള്ളത്;

(സി) ഉത്തരവ് ഇറങ്ങിയതിനു ശേഷം, കേരളത്തിലെ വിവിധ വനം ഡിവിഷനുകളിൽ ഇത്തരത്തിൽ എത്ര വന്യമൃഗങ്ങളെയാണ് വെടിവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>നാദാപുരം നിയോജകമണ്ഡലത്തിലെ കാട്ടാനശല്യം</u>

464 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ വിലങ്ങാട്, പന്നിയേരി പ്രദേശങ്ങളിൽ കാട്ടാന കർഷകരുടെ കൃഷി നശിപ്പിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെങ്കിലും ശാശ്വത പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>കാട്ടുപന്നി ശല്യം ഒഴിവാക്കൽ</u>

465 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മനുഷ്യനും കൃഷിക്കും നാശനഷ്ടങ്ങൾ ഉണ്ടാക്കുന്ന കാട്ടുപന്നികളെ വെടിവെച്ചുകൊല്ലുവാനുള്ള തീരുമാനം നടപ്പിലാക്കി തുടങ്ങിയോ ;

(ബി) ഇല്ലെങ്കിൽ കാലതാമസം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കാമോ ;

(സി) അനുമതി നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ് ; വ്യവസ്ഥകളിൽ മാറ്റങ്ങൾ പരിഗണിക്കുമോ ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

ആറളം വന്യജീവി സങ്കേതത്തിൽ നിന്നുള്ള കാട്ടുമൃഗ ശല്യം

466 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യത്തിന്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ ആറളം ആദിവാസി പുന:രധിവാസ കേന്ദ്രത്തിലും സമീപ പ്രദേശങ്ങളിലും ആറളം വന്യ ജീവി സങ്കേതത്തിൽ നിന്നുണ്ടാകുന്ന കാട്ടുമൃഗശല്യം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാ മാണ്; പ്രസ്തുത സ്ഥലത്ത് വനാതിർത്തിയിൽ കരിങ്കൽ മതിൽ കെട്ടുന്ന പ്രവൃത്തിയുടെ ഇപ്പോഴത്തെ സ്ഥിതി വിശദീകരിക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>കുളത്തൂപ്പുഴ ഔഷധത്തോട്ടം</u>

467

ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുളത്തൂപ്പുഴ ഔഷധത്തോട്ടത്തിന്റെ പ്രവർത്തനം സജീവമാക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഔഷധത്തോട്ടം തെന്മല ഇക്കോ ടൂറിസവുമായി ബന്ധപ്പെടുത്തി വിപുലീകരിക്കുവാനും സന്ദർശകർക്ക് പ്രസ്തുത തോട്ടത്തിൽ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുവാനും വനം വകുപ്പ് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

കുളത്തുപ്പുഴയിലെ 'കലവറ' യുടെ പ്രവർത്തനം

468 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിന്റെയും, നിർമ്മിതിയുടേയും സംയുക്താഭിമുഖ്യത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ, കുളത്തുപ്പുഴയിൽ ആരംഭിച്ച മണൽ വിതരണ സ്ഥാപനമായ 'കലവറ' കഴിഞ്ഞ 4 മാസമായി അടച്ചിട്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ 'കലവറ' തുറന്നു പ്രവർത്തിപ്പിക്കുവാനും പാവങ്ങൾക്ക് നിശ്ചിത വിലയ്ക്ക് മണൽ ലഭ്യമാക്കുവാനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

വന - വിഭവ വിതരണ കേന്ദ്രം

469 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ ഉടമസ്ഥതയിൽ ചടയമംഗലത്ത് അനുവദിച്ച തടിയിതര വനവിഭവ വിതരണ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് സത്വര നിർദ്ദേശം നൽകുമോ;

(ബി) പ്രസ്തുത കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ മറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ഉത്തരവുകൾ നൽകുമോ?

# കേരള നിയമസഭ

## 27.09.2011-ലെ മറുപടിക്ക്

<u>വനംവകുപ്പിന്റെ ഡിപ്പോകളിൽ കെട്ടിക്കിടക്കുന്ന തടികൾ</u>

470 ശ്രീ. റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ പല തടി ഡിപ്പോകളിലും വർഷങ്ങളായി തടികൾ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തടികൾ ലേലം ചെയ്ത് വിൽക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഇപ്പോൾ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ എല്ലാ ഡിപ്പോകളിലുമായി എത്ര ക്യൂബിക് മീറ്റർ തടി സ്റ്റോക്കുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>വനം വകുപ്പുമുഖേനയുള്ള തടി ലഭ്യത</u>

471 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ ഡിപ്പോകളിൽ ശേഖരിച്ചിട്ടുള്ള തടികൾ സ്വകാര്യ വ്യക്തികൾക്ക് വീട് നിർമ്മിക്കുന്നതിലേക്ക് നൽകുവാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ ഇനത്തിൽപ്പെട്ട തടികളാണ് നൽകുന്നതെന്നും, തടിയുടെ വില നിശ്ചയിക്കുന്നത് എങ്ങനെയാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത തടികൾ ലഭിക്കുന്നതിലേക്ക് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണ്;

(ഡി) കൊല്ലം ജില്ലയിലുള്ള ഗുണഭോക്താക്കൾക്ക് ഏത് ഡിപ്പോയിൽ നിന്നാണ് തടി ലഭ്യമാക്കുന്നത്?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>മറയൂർ മേഖലയിലെ ചന്ദന മോഷണം</u>

472 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പെട്ട ചന്ദന മോഷണങ്ങൾ നടക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം മോഷണം തടയുന്നതിനും നമ്മുടെ വന സമ്പത്ത് സംരക്ഷിക്കുന്നതിനുമായി മറയൂർ മേഖലയിൽ പരീക്ഷണാർത്ഥം രഹസ്യ ക്യാമറയും, മരങ്ങളിൽ ഇലക്ട്രോണിക് ചിപ്പും വയ്ക്കുന്നതിന് സാങ്കേതിക സംവിധാനം നടപ്പിലാക്കാൻ വിദഗ്ദ്ധരുമായി ആലോചിച്ച് നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) 2006 മുതൽ നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടുള്ള കേസുകളിൽ ഇനിയും പിടിക്കാനുള്ള പ്രതികളെ അടിയന്തിരമായി പിടികൂടി നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമോ ;

(ഡി) തൊണ്ടി മുതലായി പിടിക്കപ്പെടുന്ന ചന്ദനം, മോഷ്ടാക്കളിൽ നിന്ന് കണ്ടെടുക്കുന്ന വാഹനങ്ങൾ എന്നിവയിൽ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>മരമോഷണ കേസുകൾ</u>

473 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മറയൂരിൽ കാന്തല്ലൂർ മേഖലയിൽ നടക്കുന്ന ചന്ദനമര മോഷണം പത്രങ്ങൾ റിപ്പോർട്ട് ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര ചന്ദനമര മോഷണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്; അതുവഴി എത്ര തുക സർക്കാരിനു നഷ്ടമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) എത്ര ചന്ദനമര മോഷണ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും, അവ എവിടെല്ലാമെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>കാട്ടുപന്നികളെ വെടിവെച്ചു കൊല്ലുന്നതിനുള്ള അനുമതി</u>

474 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാട്ടു പന്നികളെ വെടിവെച്ചു കൊല്ലുന്നതിനുള്ള അനുമതി എന്നുമുതൽ എന്തു നിബന്ധനയുടെ അടിസ്ഥാനത്തിലാണ് നൽകി തുടങ്ങിയത് ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ എത്ര കാട്ടുപന്നികളെ വെടിവെച്ചു കൊന്നിട്ടുണ്ട് ; കൊല്ലപ്പെട്ട കാട്ടുപന്നിയുടെ മാസം എന്തു ചെയ്തു ;

(സി) വെടിവെച്ചു കൊന്നതു കർഷകർ തന്നെയാണോ എന്നും വനം വകുപ്പ് അധികൃതരുടെ പ്രത്യേക അനുമതി വാങ്ങിയിരുന്നോയെന്നും ഉറപ്പുവരുത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) തെരുവുനായ്ക്കളെ കൊല്ലാതെ വിടുമ്പോൾ കാട്ടുപന്നികളെ വെടിവെച്ചു കൊല്ലാൻ അനുമതി നൽകുന്നതിലെ ഔചിത്യം എന്തെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>പാത്രക്കണ്ടം, കരടിക്കുഞ്ഞ് ആദിവാസി കോളനി വൈദ്യുതീകരണം</u>

475 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ മണ്ഡലത്തിലെ പാത്രക്കണ്ടം, കരടിക്കുഞ്ഞ് ആദിവാസി കോളനികളുടെ വൈദ്യുതീകരണത്തിന് വനം വകുപ്പിന്റെ അനുമതിയ്ക്കായി സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് വനം വകുപ്പിന്റെ നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>വനം റോഡുകളുടെ പുനരുദ്ധാരണം</u>

476 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ വനാതിർത്തിയിലൂടെയുള്ള റോഡുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണം സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) നിലവിലുള്ള വനം റോഡുകൾ പുനരുദ്ധരിച്ച് ഗതാഗതയോഗ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>ചെമ്മണാമ്പതി - തേക്കടി റോഡ്</u>

477 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം വന്യമൃഗ സംരക്ഷണ കേന്ദ്രത്തിലേക്കുള്ള വഴി അയൽ സംസ്ഥാനമായ തമിഴ്നാട് വഴിയാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) വനാവകാശ സംരക്ഷണ നിയമപ്രകാരം ആദിവാസികൾക്ക് യാത്ര സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി കേരളത്തിലൂടെയുള്ള ചെമ്മണാമ്പതി - തേക്കടി റോഡ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ എന്ന് മുതൽ പ്രസ്തുത റോഡിന്റെ പണി തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>മൂർത്തിക്കുന്ന് തളികക്കല്ല് റോഡ്</u>

478 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ആലത്തൂർ നിയോജകമണ്ഡലത്തിൽപ്പെട്ട മൂർത്തിക്കുന്ന് തളികക്കല്ല് റോഡ് നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ; പ്രസ്തുത റോഡിന്റെ പ്രവർത്തനം തുടർന്നു നടത്തുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; റോഡുപണി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) വനമേഖലയിലുള്ള ആദിവാസികളുടെ ഏക ആശ്രയമായ ഈ റോഡിന്റെ പണി ഉടനെ ആരംഭിക്കുന്നതിനായി നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>മലബാർ വന്യജീവി സങ്കേതം</u>

479 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാർ വന്യജീവി സങ്കേതത്തിന്റെ നിലവാരം ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിന് പുതിയ പദ്ധതി ആവഷ്ക്കരിച്ച് നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ ;

(സി) പ്രസ്തുത ആവാസകേന്ദ്രത്തിലെ വന്യജീവികളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദീകരിക്കുമോ ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

സ്പോർട്സ് ക്വാട്ടാ നിയമനം

480 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 3.3.2011 ന് നടന്ന സർട്ടിഫിക്കറ്റ് പരിശോധനയ്ക്കു ശേഷം സ്പോർട്സ് ക്വാട്ടയിൽ നിയമനം ലഭിക്കേണ്ട വ്യക്തികളുടെ സീനിയോറിറ്റി മെറിറ്റ് ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്ന് എത്രപേർക്ക് ഏതൊക്കെ വകുപ്പുകളിലേക്ക് നിയമനം ലഭിച്ചുവെന്നും ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നത് എന്നാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>കേരള സ്പോർട്സ്</u>

481 ശ്രീ. ജോസഫ് വാഴക്കൻ
,, ഹൈബി ഈഡൻ
,, എ. ടി. ജോർജ്
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്പോർട്സിനു ഒരു വ്യക്തിത്വമില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പരിഹാരമായി എന്താണ് ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സ്പോർട്സ് അസോസിയേഷൻ കൊടികൾക്ക് പകരം സംസ്ഥാനത്തിന്റേതായി ഒരു കൊടി രൂപകല്പന ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇതിനു വേണ്ടി പൊതുജനങ്ങളിൽ നിന്ന് അഭിപ്രായങ്ങൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>ജലകായിക താരങ്ങൾക്കുള്ള ആനുകൂല്യങ്ങൾ</u>

482 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലകായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് സംസ്ഥാന സ്പോർട്സ് കൗൺസിൽ ഗ്രാന്റ്-ഇൻ-എയ്ഡ് റൂൾപ്രകാരം കഴിഞ്ഞ 2010-11 സാമ്പത്തിക വർഷത്തിൽ ആർക്കൊക്കെ എത്രതുക വീതം സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട് ;

(ബി) സാമ്പത്തിക സഹായം നൽകുന്ന തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ജലകായിക താരങ്ങൾക്ക് സ്പോർട്സ് താരങ്ങൾക്കുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>മഞ്ചേരി സ്പോർട്സ് കോംപ്ലക്സ്</u>

483 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി സ്പോർട്സ് കോംപ്ലക്സ് നിർമ്മാണ പ്രവർത്തനം എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഏതെല്ലാം വിഭാഗങ്ങൾക്ക് ഇവിടെ പ്രവേശനം നൽകാൻ ഉദ്ദേശിക്കുന്നു;

(സി) എത്ര കുട്ടികൾക്ക് താമസസൗകര്യം നൽകാൻ ഉദ്ദേശിക്കുന്നു?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>വനിത വോളിബോൾ അക്കാദമി ഹോസ്റ്റൽ</u>

484

ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് കുന്നുമ്മൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന വനിത വോളിബോൾ അക്കാദമി ഹോസ്റ്റലിന് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എപ്പോൾ ഫണ്ട് അനുവദിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>ആധുനിക സൗകര്യങ്ങളോട് കൂടിയ സ്റ്റേഡിയങ്ങൾ</u>

485 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആധുനിക സൗകര്യങ്ങളോട് കൂടിയ എത്ര സ്റ്റേഡിയങ്ങളുണ്ട്; അവ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി) കേരളത്തിലെ എല്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റികളിലും ആധുനിക സൗകര്യങ്ങളോട് കൂടിയ ഓരോ സ്റ്റേഡിയമെങ്കിലും നിർമ്മിക്കുവാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>സ്പോർട്സ് സംഘടനകളുടെ അംഗീകാരം</u>

486 ശ്രീ. എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് സംഘടനകളുടെ നടത്തിപ്പിലെ സുതാര്യത ഉറപ്പ് വരുത്തുവാൻ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത്;

(ബി) സമൂഹത്തോടും, കായികരംഗത്തോടും പ്രതിബദ്ധതയുള്ള സംഘടനകൾക്ക് മാത്രമേ അംഗീകാരം നൽകു എന്ന നയം സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>പ്ലേ ഫീൽഡ്സ് അസോസിയേഷൻ</u>

487 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ പ്ലേ ഫീൽഡ്സ് അസോസിയേഷന്റെ മാതൃകയിൽ സംസ്ഥാനത്തും ഒരു അസോസിയേഷൻ രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) കളിസ്ഥലങ്ങളുടെ പശ്ചാത്തല വികസനത്തിന് എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത സ്ഥാപനം നൽകുന്നത് ;

(സി) സംസ്ഥാനത്ത് പ്ലേ ഫീൽഡ്സ് അസോസിയേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ എന്ന് തുടങ്ങുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>നെയ്യാറ്റിൻകര മണ്ഡലത്തിലെ സ്റ്റേഡിയം നിർമ്മാണം</u>

488 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ കായിക വിനോദം പ്രോൽസാഹിപ്പിയ്ക്കുന്നതിന് കളിസ്ഥലം ഇല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നെയ്യാറ്റിൻകര മുനിസിപ്പൽ ആസ്ഥാനവും താലൂക്ക് ആസ്ഥാനവും സ്ഥിതിചെയ്യുന്ന നെയ്യാറ്റിൻകര മണ്ഡലത്തിൽ പൊളിഞ്ഞുകിടക്കുന്ന ഒരു ചെറിയ സ്റ്റേഡിയം പുനരുദ്ധരിച്ച് ഉന്നത നിലവാരം പുലർത്തുന്ന ഒരു സ്റ്റേഡിയമായി പണിയുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം</u>

489

ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഗെയിംസിന്റെ ഭാഗമായി ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ ഏതെല്ലാം കായിക മത്സരങ്ങൾ നടത്തുന്നുണ്ട്;

(ബി) പ്രസ്തുത സ്റ്റേഡിയം നിർമ്മാണത്തിനുള്ള അടങ്കൽ തുക എത്രയാണ്; ഇതിനകം എത്ര രൂപ ചെലവാക്കി; കരാർ ആർക്കാണ് നൽകിയതെന്നും പണിയുടെ മേൽനോട്ടം വഹിക്കുന്നത് ആരാണ് എന്നും വ്യക്തമാക്കുമോ;

(സി) ഏതെല്ലാം ശാസ്ത്രീയമാർഗ്ഗങ്ങൾ അവലംബിച്ചാണ് പ്രസ്തുത സ്റ്റേഡിയം നിർമ്മാണം നടത്തുന്നത്; നിർമ്മാണം എപ്പോൾ പൂർത്തിയാകും; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത സ്റ്റേഡിയം നിർമ്മാണം ആരംഭിച്ചപ്പോൾ അവിടെയുണ്ടായിരുന്ന സ്പോർട്സ് ഉപകരണങ്ങൾ ഉപയോഗിക്കാതെ നശിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സ്റ്റേഡിയത്തിന്റെ സ്ഥലമോ, കെട്ടിടമോ സ്വകാര്യവ്യക്തികൾ കൈവശപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അത് ഒഴിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

<u>കൊല്ലം ലാൽ ബഹദൂർ സ്റ്റേഡിയത്തിന്റെ നവീകരണം</u>

490 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഗെയിംസിലുള്ള ഹാൻഡ് ബോളും ബീച്ച് ഹാൻഡ് ബോളും കൊല്ലത്ത് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) കൊല്ലം ലാൽ ബഹദൂർ സ്റ്റേഡിയത്തിൽ അന്തർ ദേശീയ നിലവാരമുള്ള സിന്തറ്റിക് ട്രാക്കിന്റെ നിർമ്മാണം ആരംഭിക്കുമോ;

(സി) ലാൽ ബഹദൂർ സ്റ്റേഡിയത്തിലെ ഫ്ളഡ് ലൈറ്റ് നവീകരണം നടത്തുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ആധുനിക സൗകര്യങ്ങളോടു കൂടിയ മൾട്ടി ജിംനേഷ്യം കൊല്ലത്ത് അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>കായിക താരങ്ങൾക്കുള്ള ഗ്രേസ് മാർക്കും അലവൻസും</u>

491 ശ്രീ. റ്റി.യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുക്കുന്ന കായിക താരങ്ങൾക്ക് ഗ്രേസ് മാർക്ക് നൽകാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) സ്പോർട്സിനെ പാഠ്യപദ്ധതിയിൽ സ്പോർട്സ് ഉൾപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുമോ;

(സി) കായിക താരങ്ങൾക്ക് മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള അലവൻസുകൾ വർദ്ധിപ്പിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

കുളത്തൂപ്പുഴ പഞ്ചായത്തിൽ കളിസ്ഥലം

492 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ പഞ്ചായത്തിലെ കുളത്തൂപ്പുഴ ടെക്നിക്കൽ ഹൈസ്കൂളിന് സ്വന്തമായുള്ള 6.5 ഏക്കർ സ്ഥലത്ത് കെട്ടിടങ്ങൾ കഴിച്ചുള്ള സ്ഥലത്ത് സർക്കാരിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി കളിക്കളം നിർമ്മിക്കുവാൻ ആവശ്യമായ സഹായം നൽകുമോ;

(ബി) സ്പോർട്ട്സ് വകുപ്പിന്റെ ജീവനക്കാരെ ഉപയോഗിച്ച് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>സ്പോർട്സ് കൗൺസിൽ അവാർഡ് തുക</u>

493 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ ഫണ്ടിൽ നിന്ന് സ്പോർട്സിനുവേണ്ടി ഏറ്റവും കൂടുതൽ തുക വിനിയോഗിച്ചതിന് സ്പോർട്സ് കൗൺസിൽ നൽകിയ അവാർഡ് തുക തലക്കുളത്തൂർ സ്റ്റേഡിയത്തിന്റെ നവീകരണത്തിന് നൽകിയകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അവാർഡ് തുക തലക്കുളത്തൂർ പഞ്ചായത്തിന് കൈമാറിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(സി) ഇല്ലെങ്കിൽ അടിയന്തിരമായി ഈ തുക തലക്കുളത്തൂർ പഞ്ചായത്തിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

ചെറുകിട തീയേറ്റർ നവീകരണവും വൈഡ് റിലീസിംഗും

494 ശ്രീ. കെ. ശിവദാസൻ നായർ
,, പി.സി. വിഷ്ണുനാഥ്
,, അൻവർ സാദത്ത്
,, ഐ.സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട തീയേറ്റർ നവീകരണത്തിന് സാമ്പത്തിക സഹായം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതു സ്ഥാപനത്തിൽ നിന്നാണ് സാമ്പത്തിക സഹായം നൽകാൻ തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) അപ്രകാരം നവീകരിക്കുന്ന തീയേറ്ററുകളിൽ വൈഡ് റിലീസ് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>കലാമൂല്യമുള്ള സിനിമകളെ പ്രോത്സാഹിപ്പിക്കൽ</u>

495 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കലാമൂല്യമുള്ള സിനിമകളുടെ വളർച്ചയ്ക്കായി അത്തരം സിനിമകൾ നിർമ്മിക്കുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ചെയ്യുന്നത്; ഈ സർക്കാർ അധികാരമേറ്റശേഷം നല്ല സിനിമകളെ വിനോദ നികുതിയിൽ നിന്ന് ഒഴിവാക്കുകയുണ്ടായോ എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഫിലിം സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ട്; ഫിലിം സൊസൈറ്റികളെ പുനരുജ്ജീവിപ്പിച്ച് നല്ല സിനിമാ സംസ്ക്കാരം പ്രചരിപ്പിക്കുവാൻ സർക്കാർ പദ്ധതിയിടുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 27.09.2011-ലെ മറുപടിക്ക്

രാജ്യാന്തര ഡോക്യുമെന്ററി ഹ്രസ്വ ചിത്രമേള

496 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാലാമത് രാജ്യാന്തര ഡോക്യുമെന്ററി ഹ്രസ്വചിത്ര മേളയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) വിവിധ വിഭാഗത്തിലായി എത്ര ചിത്രങ്ങൾ പ്രദർശിപ്പിക്കപ്പെട്ടു; ഏതെല്ലാം;

(സി) പ്രദർശനത്തിന് ചിത്രങ്ങൾ തിരഞ്ഞെടുക്കുന്നതിനും തിരഞ്ഞെടുത്ത ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതിനും എന്തു മാനദണ്ഡമാണ് പാലിക്കാറുള്ളത്;

(ഡി) പ്രദർശനത്തിനെത്തുന്ന ചിത്രങ്ങൾക്ക് എന്തെങ്കിലും സാമ്പത്തികസഹായം നൽകാറുണ്ടോ; ഉണ്ടെങ്കിൽ എത്ര വീതം;

(ഇ) ഇത്തരം ചിത്ര നിർമ്മാണത്തിന് അക്കാദമി സാമ്പത്തിക സഹായം നൽകാറുണ്ടോ;

(എഫ്) ചിത്രങ്ങളുടെ പ്രദർശനത്തിന് കൂടുതൽ അവസരങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

തിരുവല്ലത്തെ ചിത്രാഞ്ജലി സ്റ്റുഡിയോ സ്വകാര്യ വൽക്കരണം

497 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ചലച്ചിത്രവികസന കോർപ്പറേഷന്റെ കീഴിലെ തിരുവല്ലത്തെ ചിത്രാഞ്ജലി സ്റ്റുഡിയോ സ്വകാര്യവൽക്കരിക്കാൻ നീക്കം ആരംഭിച്ചിട്ടുണ്ടോ ;

(ബി) കോർപ്പറേഷനിൽ ഡയറക്ടർ ബോർഡ് നിലവിൽ വന്നിട്ടുണ്ടോ ;

(സി) എങ്കിൽ ആരെല്ലാമാണ് അംഗങ്ങൾ എന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>സർക്കസ് കലാകാരന്മാർക്ക് പെൻഷൻ</u>

498

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കസ് കലാകാരന്മാർക്ക് പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഈ നിവേദനങ്ങളിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചത്;

(സി) സംസ്ഥാനത്ത് പെൻഷന് അർഹതയുള്ള എത്ര സർക്കസ് കലാകാരന്മാരുണ്ട്;

(ഡി) ഇവർക്ക് എന്ന് പെൻഷൻ അനുവദിക്കുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>പുനലൂർ ഡി. എഫ്. ഒ. കോമ്പൗണ്ടിൽ ഗസ്റ്റ് ഹൗസ്</u>

499

ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യത്തിന്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പുനലൂർ ഡി. എഫ്. ഒ. കോമ്പൗണ്ടിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ഗസ്റ്റ് ഹൗസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

ഫർണിച്ചർ യൂണിറ്റുകൾക്ക് നിരാക്ഷേപ സാക്ഷ്യപത്രം

500 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജകമണ്ഡലത്തിലെ ചൊവ്വൂർ ദേശത്ത് വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന ചെറുകിട ഫർണിച്ചർ യൂണിറ്റുകൾക്ക് വനം വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം ലഭിക്കാത്തതിനാൽ അടച്ചുപൂട്ടൽ ഭീഷണിയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ യൂണിറ്റുകൾക്ക് നിരാക്ഷേപ സാക്ഷ്യപത്രം നൽകുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>പരിസ്ഥിതി സംരക്ഷണ പദ്ധതികൾ</u>

501 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടലുണ്ടി - വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ് മനേജിംഗ് കമ്മിറ്റി പിരിച്ചുവിടണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ട പരിസ്ഥിതി സംരക്ഷണ പദ്ധതികൾ തദ്ദേശീയരുടെ സ്വൈര ജീവിതത്തിന് ഹാനികരമാകാതെ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത കമ്മ്യൂണിറ്റി റിസർവിന്റെ മാനേജിംഗ് കമ്മിറ്റി കാലോചിതമായി പുന:സംഘടിപ്പിക്കുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?